## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2178** **21-06-2024 - ൽ മറുപടിയ്ക്ക്**

### പാലക്കാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നബാർഡ് ആർ.ഐ.ഡി.എഫ്. അനുവദിച്ച എലപ്പുള്ളിയിലെ പാലക്കാട് താലൂക്ക് ആശുപത്രിയുടെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | എലപ്പുള്ളി താലൂക്ക് ആശുപത്രയിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി നബാർഡ് ട്രാഞ്ചെ XXIX - ൽ ഉൾപ്പെടുത്തി സ.ഉ(സാധാ) നം.2705/2023/ ആ.കു.വ, തീയതി 17/10/2023 ഉത്തരവ് പ്രകാരം 17.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല. നിലവിൽ ആശുപത്രി പ്രവർത്തിച്ചു വരുന്ന പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതായുണ്ട്. പൊളിച്ചു മാറ്റേണ്ട കെട്ടിടങ്ങളുടെ സർവ്വേ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനായി എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗവുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് ആരോഗ്യ വകുപ്പ് അംഗീകാരം നല്കിയിട്ടുണ്ടോ; | (ബി) | എലപ്പുള്ളി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി നബാർഡ് ട്രാഞ്ചെ XXIX -ൽ ഉൾപ്പെടുത്തി 17.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ആശുപത്രിയിലെ (19/160) JPHN ക്വാർട്ടേഴ്സസ്, (19/161) സ്റ്റാഫ് നേഴ്സ് ക്വാർട്ടേഴ്സ്, (19/162) ഫീമെയിൽ വാർഡ് എന്നീ കെട്ടിടങ്ങൾ മാത്രം പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആദ്യം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കി (3377 ചതുരശ്ര മീറ്റർ വിസ്തീർണ്ണം) സമർപ്പിച്ചിരുന്ന പ്ലാനിന് അംഗീകാരം നൽകിയിരുന്നു. എന്നാൽ 7.11.2023-ന് ബഹു. മലമ്പുഴ എം.എൽ.എ യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഓഫീസും കോൺഫറൻസ് ഹാളും ഉൾപ്പെടുന്ന കെട്ടിടം മാത്രം നിലനിർത്തി മറ്റു കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് തീരുമാനിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യത്തെ ഡ്രോയിംഗിലെ ചുറ്റുമുള്ള വരാന്ത ഒഴിവാക്കുകയും പുതുക്കിയ ഡ്രോയിംഗിൽ 3192 ച.മീറ്ററായി വിസ്തീർണ്ണം കുറയുകയും ചെയ്തു. പ്ലാൻ റിവൈസ് ചെയ്യുന്നത് സംബന്ധിച്ച് പൊതുമരാമത്ത് കെട്ടിട |

| | | | |
|---|---|---|---|
| | | | വിഭാഗം ചീഫ് എഞ്ചിനീയറിൽ നിന്നും റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത നടപടിയുടെ നിലവിലെ സ്ഥിതി എന്താണെന്നും എന്നത്തേക്ക് അംഗീകാരം നൽകാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (സി) | മറുപടി ബി പിരിവിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ